# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ഡിസംബർ 3

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

നവംബർ 26ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ എൻജിനീയറിങ് ആൻഡ് നെറ്റ്‌വർക് ടെക്നോളജി(2018 അഡ്മിഷൻ റഗുലർ/2015 മുതൽ 2017 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഡിസംബർ 21ന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടക്കും. പരീക്ഷകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/1264/2020)

## എം.ജി.: നവീന ബിരുദ പ്രോഗ്രാമുകൾ, ബി.വോക് പ്രവേശനത്തിന് ഓപ്ഷൻ നൽകാം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ പുതുതായി അനുവദിച്ച എയ്ഡഡ് നവീന ബിരുദ പ്രോഗ്രാമുകളിലേക്കും അൺഎയ്ഡഡ് ബി.വോക് പ്രോഗ്രാമുകളിലേക്കും പ്രവേശനത്തിന് ഡിസംബർ ആറുവരെ ഓപ്ഷൻ നൽകാം. നിലവിൽ രജിസ്ട്രേഷൻ നടത്താത്തവർക്കും അവസാന അലോട്ട്മെന്റിനായി ഓപ്ഷൻ രജിസ്റ്റർ ചെയ്ത് അപേക്ഷിച്ചവർക്കും പുതുതായി ഓപ്ഷൻ നൽകാം. റാങ്ക് പട്ടിക ഡിസംബർ ഏഴിന് പ്രസിദ്ധീകരിക്കും. റാങ്ക് പട്ടിക പ്രകാരം കോളജുകളിൽ ഡിസംബർ 15 വരെ പ്രവേശനം നടക്കും. മെരിറ്റ് സീറ്റിലേക്ക് മെരിറ്റ്-സംവരണ തത്വങ്ങൾ പാലിച്ച് സർവകലാശാല റാങ്ക് പട്ടികയിൽനിന്ന് കോളജുകൾ നടത്തുന്ന അന്തിമ പ്രവേശന പ്രക്രിയയാണിത്. സ്പോട് അഡ്മിഷനല്ല.

(പി.ആർ.ഒ/39/1265/2020)

## പഠനവകുപ്പുകളിലെ ഒന്നാം സെമസ്റ്റർ ക്ലാസുകൾ ഇന്ന് (ഡിസംബർ 4) ആരംഭിക്കും

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെയും ഇന്റർസ്കൂൾ സെന്ററിലെയും ബിരുദാനന്തരബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ ക്ലാസുകൾ ഓൺലൈനായി ഇന്ന്(ഡിസംബർ 4) ആരംഭിക്കും. പ്രവേശന നടപടികൾ ഡിസംബർ 31ന് അവസാനിക്കും.

(പി.ആർ.ഒ/39/1266/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസിലെ എം.ഫിൽ എൺവയോൺമെന്റ് മാനേജ്മെന്റ് പ്രോഗ്രാമിൽ പട്ടികവർഗ വിഭാഗത്തിൽ സംവരണ സീറ്റൊഴിവുണ്ട്. ഒരൊഴിവാണുള്ളത്. യോഗ്യരായവർ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിസംബർ 10നകം സ്കൂൾ ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481 2732120, 944757302.

(പി.ആർ.ഒ/39/1267/2020)

## പ്രോഗ്രാം അസോസിയേറ്റ്; കരാർ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാം അസോസിയേറ്റിനെ നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ഹ്യുമാനിറ്റീസ്/സോഷ്യൽ സയൻസ്/മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദവും നൈപുണ്യവികസനം/അധ്യാപനത്തിൽ രണ്ടുവർഷത്തെ പ്രവൃത്തിപരിചയവും. അധ്യാപന പരിചയം, നെറ്റ്, രാജ്യാന്തര അക്കാദമിക പരിചയം, പബ്ലിക്കേഷൻസ്, ഐ.ടി. നൈപുണ്യം എന്നിവ അഭികാമ്യം. യോഗ്യരായവർ ബയോഡേറ്റ സഹിതമുള്ള അപേക്ഷ ഡിസംബർ ഏഴിനകം dasp@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കണം. ഈ തസ്തികയിലേക്ക് മുമ്പ് ക്ഷണിച്ച വിജ്ഞാപനപ്രകാരം അപേക്ഷിച്ചവർ വീണ്ടും അപേക്ഷ നൽകേണ്ടതില്ല. ഇന്റർവ്യൂ തീയതി പിന്നീട് അറിയിക്കും. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 04812731066.

(പി.ആർ.ഒ/39/1268/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്;
## പ്രാഥമിക വോട്ടർപട്ടികയായി

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലെ സർവകലാശാല അനധ്യാപക പ്രതിനിധി മണ്ഡലത്തിൽ നിലവിലുള്ള ഒരൊഴിവിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിന്റെ പ്രാഥമിക വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. സർവകലാശാല ഓഫീസിലും വെബ്സൈറ്റിലും ലഭിക്കും. വോട്ടർ പട്ടിക സംബന്ധിച്ച പരാതികൾ ഡിസംബർ 21ന് മുമ്പ് വരണാധികാരിക്ക് നൽകണം.

(പി.ആർ.ഒ/39/1269/2020)

## പരീക്ഷ മാറ്റിവച്ചതായി സമൂഹമാധ്യമങ്ങളിൽ
## വ്യാജ പ്രചാരണം; എം.ജി. സർവകലാശാല പരാതി നൽകി

ഡിസംബർ മൂന്നിന് നടത്താനിരുന്ന പരീക്ഷകൾ മാറ്റിവച്ചെന്ന സമൂഹ മാധ്യമങ്ങളിൽ വ്യാജ പ്രചാരണം നടത്തിയതിനെതിരേ മഹാത്മാഗാന്ധി സർവകലാശാല കോട്ടയം ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകി. നവംബർ 26ലെ പരീക്ഷകൾ മാറ്റിവയ്ക്കുന്നതു സംബന്ധിച്ച് സർവകലാശാലയുടെ ഔദ്യോഗിക ഫേസ് ബുക്ക് പേജിൽ നവംബർ 25ന് നൽകിയ പോസ്റ്റിന്റെ സ്ക്രീൻഷോട്ട് എഡിറ്റ് ചെയ്താണ് ഡിസംബർ രണ്ടിന് സമൂഹ മാധ്യമങ്ങളിൽ വ്യാജപ്രചാരണത്തിന് ഉപയോഗിച്ചത്.

പൊതുപരീക്ഷകൾ നടക്കുമ്പോൾ പൊതുജനങ്ങളെയും വിദ്യാർഥികളെയും അധ്യാപകരെയും തെറ്റിദ്ധരിപ്പിക്കുന്ന നിലയിൽ വ്യാജപ്രചാരണം നടത്തുന്നവർക്കെതിരേ കർശന നടപടി

സ്വീകരിക്കണമെന്നാവശ്യപ്പെട്ട് രജിസ്ട്രാറാണ് പരാതി നൽകിയത്. സർവകലാശാലയുടെ എംബ്ലവും ഔദ്യോഗിക വെബ്സൈറ്റിന്റെ വിലാസവും ദുരുപയോഗം ചെയ്ത് ഫേസ്ബുക്കിൽ അനധികൃതമായി രൂപീകരിച്ചിട്ടുള്ള പേജുകൾ ബ്ലോക്ക് ചെയ്ത് നിയമനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സർവകലാശാല മുമ്പ് പൊലീസിന് പരാതി നൽകിയിരുന്നു.

(പി.ആർ.ഒ/39/1270/2020)

## എം.ജി. സർവകലാശാല
## ഡിസംബർ നാലിലെ പരീക്ഷകൾ മാറ്റി

മഹാത്മാഗാന്ധി സർവകലാശാല ഇന്ന് (ഡിസംബർ 4) നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചതായി പരീക്ഷ കൺട്രോളർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/1271/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ